പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3870 24.06.2014 ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. എ.പി.അനിൽ കുമാർ (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ ഉണ്ടെങ്കിൽ വിശദമായി അറിയിക്കാമോ; | (എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പിന്റെ ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം 2,00,000/ രൂപ ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ചു വരുന്നു. ഭവനനിർമ്മാണ ധനസഹായം 4 ഗഡുക്കളായി നൽകി വരുന്നു. തുകയുടെ ഒന്നാം ഗഡുവായി 15% തുകയായ 30,000/- രൂപയും തുകയുടെ രണ്ടാം ഗഡുവായി 30% തുകയായ 60,000/- രൂപയും തുകയുടെ മൂന്നാം ഗഡുവായി 40% തുകയായ 80,000/- രൂപയും, തുകയുടെ നാലാം ഗഡുവായി 15% തുകയായ 30,000/- രൂപയും നൽകി വരുന്നു. ഒന്നാം ഗഡു അഡ്വാൻസായിട്ടാണ് നൽകുന്നത്. നിർമ്മാണ പുരോഗതിയ്ക്കനുസൃതമായി അവശേഷിക്കുന്ന ഗഡുക്കൾ നൽകി വരുന്നു. |
| (ബി) | ഇത്തരം ഭവന നിർമ്മാണ പദ്ധതിയിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിയ്ക്കുവാൻ സ്വീകരിയ്ക്കേണ്ട പ്രത്യേക നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ വിശദീകരിയ്ക്കുമോ; | (ബി) | നിലവിൽ ഗ്രാമസഭാ/വാർഡ് സഭ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നോ, അപ്രകാരം ലിസ്റ്റ് ലഭിച്ചില്ലെങ്കിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് അപേക്ഷ ക്ഷണിച്ചോ ആണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| സി) | ഈ പദ്ധതിയിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുവാൻ എന്തെങ്കിലും സാധ്യതകളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1.5 ലക്ഷം രൂപയും മുൻസിപ്പൽ പ്രദേശത്ത് $1\frac{1}{2}$ സെന്റ് ഭൂമി വാങ്ങുന്നതിന് 2 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് $1\frac{1}{2}$ സെന്റ് ഭൂമി വാങ്ങുന്നതിന് 3 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ